LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അനാഥാലയങ്ങൾക്ക് ചെലവഴിച്ച തുക

26 [2063] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കേരളമൊട്ടാകെ എത്ര അനാഥമന്ദിരങ്ങൾ, വൃദ്ധ-വികലാംഗ-ശിശുക്ഷേമ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്നു ;

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളിലുമായി എത്ര അന്തേവാസികൾ താമസിച്ചുവരുന്നു;

(സി) 2003-04 സാമ്പത്തിക വർഷം ഇവരുടെ ക്ഷേമത്തിനായി എത്ര തുക ചെലവഴിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ എത്ര അനാഥാലയങ്ങൾ, വൃദ്ധ മന്ദിരങ്ങൾ, വികലാംഗ മന്ദിരങ്ങൾ എന്നിവ പ്രവർത്തിക്കുന്നു;

(ഇ) ഇവ ഏതെല്ലാമെന്നും ഓരോ സ്ഥാപനത്തിലും യഥാക്രമം എത്ര അന്തേവാസികളുണ്ടെന്നും വെളിപ്പെടുത്തുമോ;

(എഫ്) തിരുവനന്തപുരം ജില്ലയിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ ധനസഹായം ലഭിക്കുന്ന ഇതരസ്ഥാപനങ്ങൾ ഏതെല്ലാമെന്നു വിശദമാക്കാമോ;

(ജി) പ്രസ്തുത സ്ഥാപനങ്ങളിൽ യഥാക്രമം എത്ര അന്തേവാസികളുണ്ട്;

(എച്ച്) തിരുവനന്തപുരം ജില്ലയിലെ ഓരോ സ്ഥാപനങ്ങൾക്കും യഥാക്രമം എത്ര തുക സാമൂഹ്യക്ഷേമ വകുപ്പ് അനുവദിച്ചു;

(ഐ) പ്രസ്തുത സ്ഥാപനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിന്റെയോ ഏതെങ്കിലും വിദേശ ഏജൻസികളുടേയോ സഹായം ലഭിക്കുന്നുണ്ടെങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 1040 പേർ.

(സി) മുതൽ (ഐ) വരെ വിവരം ശേഖരിച്ചു വരുന്നു.

മന്ദബുദ്ധികളായ കുട്ടികൾക്ക് സ്പെഷ്യൽ സ്ക്കൂളുകൾ

27 [2064] ശ്രീ. ടി. എം. ജേക്കബ്:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മന്ദബുദ്ധികളായ കുട്ടികൾക്കുവേണ്ടി നടത്തുന്ന സ്പെഷ്യൽ സ്ക്കൂളുകൾക്ക് സാമൂഹ്യക്ഷേമവകുപ്പ് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇത്തരത്തിൽ എത്ര സ്ക്കൂളുകൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(സി) സ്പെഷ്യൽ സ്ക്കൂളുകളെപ്പറ്റി പഠിക്കുന്നതിനുവേണ്ടി സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റുകൂടി ബന്ധപ്പെട്ട് എന്തെങ്കിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഇ) കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ പ്രധാന ശുപാർശകൾ എന്തെല്ലാം; പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള സ്പെഷ്യൽ സ്ക്കൂളുകൾക്ക് സാമൂഹ്യക്ഷേമ വകുപ്പ് നേരിട്ട് സഹായം ഒന്നും നൽകാറില്ല. എന്നാൽ കേന്ദ്ര സർക്കാർ ഗ്രാന്റ് ലഭിക്കുന്നതിനായി സ്ക്കൂളുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളിൽ പരിശോധന നടത്തി സർക്കാരിലേക്ക് ശുപാർശ ചെയ്യാറുണ്ട്. കൂടാതെ സ്പെഷ്യൽ സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്ക്കോളർഷിപ്പ് സാമൂഹ്യ ക്ഷേമ വകുപ്പ് വഴി നൽകുന്നുണ്ട്.

(ബി) 141 സ്ക്കൂളുകൾ.

(സി)യും (ഡി)യും ഉണ്ട്. കമ്മിറ്റിയിലെ അംഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1.	ശ്രീമതി ബീന, ജോയിന്റ് ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ് (ഇപ്പോൾ എ.ഡി.പി.ഐ. അക്കാദമിക്)	കൺവീനർ
2.	സാമൂഹ്യക്ഷേമ ഡയറക്ടർ	മെമ്പർ
3.	ശ്രീ. കെ. ഉമ്മൻ, ചെയർമാൻ, ആൾ കേരള സ്പെഷ്യൽ സ്ക്കൂൾ അസോസിയേഷൻ	മെമ്പർ
4.	ശ്രീ. ബിജിജോസ്, സി.എം.സി. സെക്രട്ടറി, ആൾ കേരള സ്പെഷ്യൽ സ്ക്കൂൾ അസോസിയേഷൻ	മെമ്പർ
5.	ശ്രീ. റഷീദ്, കണിച്ചേരി, ജനറൽ സെക്രട്ടറി, കെ.എസ്.റ്റി.എ.	മെമ്പർ
6.	ശ്രീ. അയിര ശശി, 'വസന്ത്', മരുത്തൂർ, നെയ്യാറ്റിൻകര	മെമ്പർ
7.	ഡോക്ടർ കുഞ്ഞഹമ്മദ് കുട്ടി, പ്രസിഡന്റ്, അസോസിയേഷൻ ഫോർ ദി വെൽഫെയർ ഓഫ് ദി മെൻറലി ഹാന്റിക്യാപ്ഡ് കോഴിക്കോട്	മെമ്പർ
8.	ഫാദർ വർഗ്ഗീസ് പാലത്തിങ്കൽ, ചെയർമാൻ, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് അസോസിയേഷൻ	മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly

(ഇ), (എഫ്) ഉണ്ട്. പ്രധാന ശുപാർശകൾ അനുബന്ധം 1 (†) ആയും റിപ്പോർട്ടിന്റെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധം 2 ‡ ആയും ചേർത്തിട്ടുണ്ട്.

അംഗൻവാടികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

28 [2065] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഐ.സി.ഡി.എസ്. അംഗൻവാടികളിലും കിണർ കുഴിക്കുവാനും പൈപ്പ് ലൈൻ ലഭ്യമാക്കുവാനും മൂത്രപ്പുരകൾ കെട്ടുവാനും നിലവിൽ ഏതെങ്കിലും പദ്ധതികളുണ്ടെങ്കിൽ അതു സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) അംഗൻവാടികളിലെത്തുന്ന കുഞ്ഞുങ്ങളുടെ മാനസിക വളർച്ചയ്ക്കുതകുന്ന തരത്തിൽ കളിപ്പാട്ടങ്ങളും ആശയസംവേദന സാമഗ്രികളും ലഭ്യമാക്കുവാനും സ്വന്തമായി കെട്ടിടവും വൈദ്യുതി കണക്ഷനുമുള്ള അംഗൻവാടികളിൽ ഫാനുകളും ടെലിവിഷനുകളും ലഭ്യമാക്കുവാനും ഉതകുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുമോ ?

ഉത്തരം

(എ) കേരള വികസന പദ്ധതിപ്രകാരം സംസ്ഥാനത്തെ അംഗൻവാടികളിൽ കിണർ, പൈപ്പ്ലൈൻ, മൂത്രപ്പുര ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും, അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനും ഉള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ വിഹിതത്തിൽ നിന്നും പ്രോജക്ടുകളുടെ അടിസ്ഥാനത്തിലും, ഫണ്ടിന്റെ ലഭ്യത അനുസരിച്ചും ഈ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. കൂടാതെ വേൾഡ് ബാങ്ക് സഹായത്തോടെ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെ 1600 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും 800 ഹാൻഡ് പമ്പുകൾ/കിണർ/പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കുന്നതിനും ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്.

(ബി) അംഗൻവാടികളുടെ മേൽനോട്ടവും, നിയന്ത്രണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. അംഗൻവാടി കേന്ദ്രങ്ങൾ കമ്മ്യൂണിറ്റി റിസോഴ്സ്സ് സെന്ററുകൾ ആക്കുക എന്നുള്ളതാണ് സർക്കാരിന്റെ സമീപനം. അംഗൻവാടി കേന്ദ്രങ്ങൾക്കാവശ്യമായ കളിപ്പാട്ടങ്ങൾ, പഠനോപകരണങ്ങൾ തുടങ്ങിയവ വാങ്ങി നൽകുന്നതിന് പഞ്ചായത്തിനധികാരമുണ്ട്. അതുപോലെ സർക്കാർ ഈ വർഷം 75 അംഗൻവാടി സെന്ററുകൾ കമ്മ്യൂണിറ്റി റിസോഴ്സ്സ് സെന്ററുകളായി ഉയർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ഐ.സി.ഡി.എസ്. പദ്ധതിയുടെ കീഴിലുള്ള അംഗൻവാടികൾ

29 [2066] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.സി.ഡി.എസ്. പദ്ധതിയിൻ കീഴിൽ ആകെ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

---

† & ‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly